## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1985 05.10.2016-ൽ മറുപടിയ്ക്ക്

### കടിവെള്ള കണക്ഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി യു. പ്രതിഭ ഹരി : | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ കായംകുളം നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ 2009-2010, 2010-2011, 2011-2012 സാമ്പത്തിക വർഷം 336 പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയിൽ ഡിപ്പോസിറ്റ് ഇനത്തിൽ എത്ര രൂപ അടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ ഡെപ്പോസിറ്റിനത്തിൽ ഓരോ വർഷവും അടച്ച തുക താഴെ ചേർക്കുന്നു.<br><br>2009-10 - 6,75,050/-<br>2010-11 - 6,30,200/-<br>2011-12 - 4,00,000/- |
| ബി പ്രസ്തുത പ്രവൃത്തികൾ ടെൻഡർ ചെയ്ത് കരാർ ഏറ്റെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ല എങ്കിൽ ഇതിനുള്ള കാരണം എന്തെന്ന് വിശദമാക്കുമോ; | ബി പ്രസ്തുത പ്രവൃത്തികൾക്ക് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| സി ഈ കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; കരാറുകാരാണ് വീഴ്ച വരുത്തിയിട്ടുള്ളതെങ്കിൽ ഇവർക്കെതിരെ ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുമോ? | സി 2009-10 ലെ പ്രവൃത്തികൾ ഏറ്റെടുത്ത് നടപടകൾ സ്വീകരിക്കുകയും അതു പ്രകാരം കുറച്ച് പേർക്ക് കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തു. എന്നാൽ പ്രദേശ വാസികളുടേയും മറ്റു സംഘടനകളുടേയും തടസ്സം കാരണം ടി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് 16.11.2013-ൽ ചേർന്ന അടിയന്തിര മീറ്റിംഗിലെ 16-ാം നമ്പർ തീരുമാന പ്രകാരം 2009-10-ലെ ഗുണഭോക്താക്കൾക്ക് കണക്ഷൻ നൽകിയതിനു ശേഷം മാത്രം അടുത്ത വർഷത്തെ ഗുണഭോക്താക്കളെ പരിഗണിച്ചാൽ മതിയെന്ന് |

കേരള വാട്ടർ അതോറിറ്റിയോട് ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് അധികൃതർ ആവശ്യപ്പെട്ടതിനാലും പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് വർക്ക് ആയതിനാലും 2010-11, 2011-12 കാലയളവിലെ കണക്ഷൻ നൽകുന്നതിനുള്ള തുടർ നിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. കരാറുകാർ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

Renuka Sankar

സെക്ഷൻ ഓഫീസർ